പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.202 | 07/08/2017 ൽ മറുപടി നല്കേണ്ടത്. |

## ജ്യൂസ് വിൽപ്പന സംബന്ധിച്ച പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ബദാം, വാനില, പിസ്ത, ചോക്ലേറ്റ് തുടങ്ങിയ വിവിധ പേരുകളിൽ വർണ്ണാഭമായി പൊതിഞ്ഞ ടിന്നുകളിൽ ജ്യൂസ് കടകളിലെത്തിച്ച് വിൽപ്പന നടത്തുന്നവരെ സംബന്ധിച്ച് അറിവുണ്ടോ ; | എ) | തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ബദാം, വാനില, പിസ്ത, ചോക്ലേറ്റ് തുടങ്ങിയ വിവിധ പേരുകളിൽ ജൂസ് കടകളിലെത്തിച്ച് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കോൺഫ്ലവർ എന്ന പേരിൽ സാക്രീനും മറ്റ് വിവിധ ഫ്ലേവറുകളും ചേർത്ത പൗഡറുകൾ ഇതിൽ കൂടി വ്യാപകമായി വിറ്റഴിക്കുന്നത് മൂലം മാരകമായ രോഗങ്ങൾ ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | ബി) | ടി സാധനങ്ങളുടെ വില്പന കേന്ദ്രങ്ങൾ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് ആയി പരിശോധന നടത്തി ദോഷകരമായ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് അറിയുന്നതിന് ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ലാബ് പരിശോധനയ്ക്കായി എടുത്ത് ലാബിലേക്ക് അയയ്ക്കുന്നുണ്ട്. |
| സി) | സ്കൂൾ, കോളേജ്, ബസ് സ്റ്റേഷൻ, റെയിൽവേസ്റ്റേഷൻ തുടങ്ങിയ പൊതുയിടങ്ങളിൽ ജ്യൂസ് കടകളിൽ ഇവ ചേർത്ത് നൽകുന്ന പാനീയങ്ങൾ പരിശോധിക്കുന്നതിന് തയ്യാറാകുമോ? | സി) | പരിശോധന നടത്തി വരുന്നുണ്ട്. |

Sheeshà

സെക്ഷൻ ഓഫീസർ